# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : 4555.

28..6..2013-ൽ മറുപടിക്ക്

## പാലുല്പാദനത്തിൽ സ്വയംപര്യാപ്തത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ.എസ്. സലീഖ | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) പാലുല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു; | (എ) പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടെ ഡയറി യൂണിറ്റുകൾ തുടങ്ങുന്നതിന് ധനസഹായം അയൽ സംസ്ഥാനങ്ങളിൽ നിന്നും സങ്കരയിനം പശുക്കളെ വാങ്ങുന്നതിനായി മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി, തീറ്റ ച്ചെലവ് കുറയ്ക്കുന്നതിനായി തീറ്റപ്പുൽ കൃഷി വികസന പദ്ധതി, കർഷകർ സംഘങ്ങളിൽ അളക്കുന്ന പാലിന് ആനുപാതികമായി സബ്സിഡി അനുവദിക്കുന്ന കാലിത്തീറ്റ സബ്സിഡി വിതരണ പദ്ധതി, ക്ഷീര സഹകരണ സംഘങ്ങളുടെ പ്രവർത്തനം സുതാര്യമാക്കുന്നതിനും, സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള ക്ഷീര സഹകരണ സംഘങ്ങളുടെ നവീകരണം എന്നിവ ക്ഷീരവികസന വകുപ്പ് നടപ്പിലാക്കിവരുന്നു. ക്ഷീരകർഷക ക്ഷേമനിധി ബോർഡ് മുഖേന ക്ഷീരകർഷക പെൻഷൻ, കുടുംബ പെൻഷൻ, വിദ്യാഭ്യാസ ധനസഹായം, വിവാഹ ധനസഹായം എന്നീ വിവിധ ക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്.<br><br>കൂടാതെ പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി കേന്ദ്രപദ്ധതികളായ ഇന്റഗ്രേറ്റഡ് ഡയറി ഡെവലപ്പ്മെന്റ് പ്രോഗ്രാം, ക്ലീൻ മിൽക്ക് പ്രൊഡക്ഷൻ, ഇടുക്കി പാക്കേജ്, കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി, മിനി ഡയറി ഫാമിലെ കറവപശുക്കൾക്ക് സൗജന്യ തീറ്റവിതരണം, കറവമൃഗങ്ങളുടെ സൗജന്യ ഇൻഷ്വറൻസ് പദ്ധതി, കറവ മൃഗങ്ങൾക്ക് വിരയിളക്കുന്ന പദ്ധതി, 9 മാസം പ്രായമായ പെൺകിടാരികളെ |

ദത്തെടുക്കൽ പദ്ധതി, കറവയന്ത്ര വിതരണം, ക്ഷീരകർഷകർക്ക് അപകട ഇൻഷ്വറൻസ് പദ്ധതി, മരണാനന്തര ധനസഹായം, ഉപരിപഠന ധനസഹായം, പ്രൊഡക്ഷൻ ഇൻസെന്റീവ്, സമ്മർ ഇൻസെന്റീവ്, കെട്ടിട നിർമ്മാണ ഗ്രാന്റ് എന്നിവ മിൽമ ക്ഷീരകർഷകർക്ക് നൽകി വരുന്നു.

(ബി) നിലവിൽ സംസ്ഥാനത്ത് എത്ര ലിറ്റർ പാലിന്റെ ഉപയോഗമാണുള്ളത്; ആയതിൽ എത്ര ലിറ്റർ സംസ്ഥാനത്ത് ഇപ്പോൾ ഉത്പാദിപ്പിക്കുന്നു; വ്യക്തമാക്കുമോ;

(ബി) നിലവിൽ സംസ്ഥാനത്ത് 32.5 ലക്ഷം മെട്രിക് ടൺ പാലിന്റെ ഉപയോഗമാണുള്ളത്; ഇതിൽ 29 ലക്ഷം മെട്രിക് ടൺ ഇപ്പോൾ സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്നു

(സി) കഴിഞ്ഞ വർഷം സംസ്ഥാനത്ത് ഏറ്റവും കൂടുതൽ പാൽ ഉത്പാദിപ്പിച്ച ജില്ല ഏതാണ്; എത്ര ലിറ്റർ പാൽ ഉതാപാദിപ്പിച്ച്;

(സി) കഴിഞ്ഞ വർഷം പാലക്കാട് ജില്ലയാണ് ഏറ്റവും കൂടുതൽ പാൽ ഉത്പാദിപ്പിച്ചത്. 50,08,42,006 ലിറ്റർ പാൽ ഉതാപാദിപ്പിച്ചു.

(ഡി) ക്ഷീരകർഷകരായി സംസ്ഥാനത്ത് ഇപ്പോൾ എത്രപേർ ജോലി നോക്കുന്നു; ഇവരെ കൂടി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയോ; വിശദമാക്കുമോ;

(ഡി) സംസ്ഥാനത്ത് ഇപ്പോൾ ഏകദേശം 14 ലക്ഷം ക്ഷീരകർഷകർ ഉണ്ട്. ക്ഷീരകർഷക മേഖലയുമായി ബന്ധപ്പെട്ട് ക്ഷീരകർഷകർക്ക് സഹായകരമായ കന്നുകാലി തൊഴുത്തിനുള്ള തറ, ഗോമൂത്ര സംഭരണി, പുൽതൊട്ടി ഇവയുടെ നിർമ്മാണം, കന്നുകാലികൾക്കുള്ള സപ്ലിമെന്ററി തീറ്റയായ അസോള കൃഷിയുമായി ബന്ധപ്പെട്ട ജോലികൾ എന്നിവ തൊഴിലുറപ്പ് പദ്ധതിയിൽ നിലവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ക്ഷീരകർഷകരുടെ മൃഗപരിപാലനവുമായി ബന്ധപ്പെട്ട ദൈനംദിന പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിലെ അനുവദനീയമായ പ്രവൃത്തി യിനമായി ഉൾപ്പെടുത്തിയിട്ടില്ല.

കുറഞ്ഞത് രണ്ടു പശു/എരുമകളെ വളർത്തി ക്ഷീരസഹകരണ സംഘത്തിൽ പത്ത് ലിറ്റർ പാൽ എങ്കിലും പ്രതിദിനം വിറ്റ് ഉപജീവനം കഴിക്കുന്ന ക്ഷീരകർഷകരെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിരുന്നെങ്കിലും ഇക്കാര്യത്തിൽ അനുകൂല തീരുമാനമായിട്ടില്ല. തൊഴിലുറപ്പ് നിയമത്തിന്റെ പട്ടിക പ്രകാരം അനുവദനീയമായ പ്രവൃത്തികൾ മാത്രമേ ഏറ്റെടുക്കാൻ കഴിയുകയുള്ളൂ.

(ഇ) ഭക്ഷ്യവസ്തുക്കൾക്ക് അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്ന രീതിക്ക് മാറ്റം വരുത്തണമെന്ന പന്ത്രണ്ടാം പദ്ധതി ലക്ഷ്യം നടപ്പാക്കാൻ ക്ഷീരവകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു; വ്യക്തമാക്കുമോ?

(ഇ) പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടെ ഡയറി യൂണിറ്റുകൾ തുടങ്ങുന്നതിന് ധനസഹായം, അയൽ സംസ്ഥാനങ്ങളിൽ നിന്നും സങ്കരയിനം പശുക്കളെ വാങ്ങുന്നതിനായി മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി, തീറ്റ ച്ചെലവ് കുറയ്ക്കുന്നതിനായി തീറ്റപ്പുൽ കൃഷി വികസന പദ്ധതി, കർഷകർ സംഘങ്ങളിൽ അളക്കുന്ന പാലിന് ആനുപാതികമായി സബ്സിഡി അനുവദിക്കുന്ന കാലിത്തീറ്റ സബ്സിഡി വിതരണ പദ്ധതി, ക്ഷീര സഹകരണ സംഘങ്ങളുടെ പ്രവർത്തനം സുതാര്യമാക്കുന്നതിനും, സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള ക്ഷീര സഹകരണ സംഘങ്ങളുടെ നവീകരണം എന്നിവ ക്ഷീരവികസന വകുപ്പ് നടപ്പിലാക്കിവരുന്നു. ക്ഷീരകർഷക ക്ഷേമനിധി ബോർഡ് മുഖേന ക്ഷീരകർഷക പെൻഷൻ, കുടുംബ പെൻഷൻ, വിദ്യാഭ്യാസ ധനസഹായം, വിവാഹ ധനസഹായം എന്നീ വിവിധ ക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്.

കൂടാതെ പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി കേന്ദ്രപദ്ധതികളായ ഇന്റഗ്രേറ്റഡ് ഡയറി ഡെവലപ്പ്മെന്റ് പ്രോഗ്രാം, ക്ലീൻ മിൽക്ക് പ്രൊഡക്ഷൻ, ഇടുക്കി പാക്കേജ്, കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി, മിനി ഡയറി ഫാമിലെ കറവപശുക്കൾക്ക് സൗജന്യ തീറ്റവിതരണം, കറവമൃഗങ്ങളുടെ സൗജന്യ ഇൻഷ്വറൻസ് പദ്ധതി, കറവമൃഗങ്ങൾക്ക് വിരയിളക്കുന്ന പദ്ധതി, 9 മാസം പ്രായമായ പെൺകിടാരികളെ ദത്തെടുക്കൽ പദ്ധതി, കറവയന്ത്ര വിതരണം, ക്ഷീരകർഷകർക്ക് അപകട ഇൻഷ്വറൻസ് പദ്ധതി, മരണാനന്തര ധനസഹായം, ഉപരിപഠന ധനസഹായം, പ്രൊഡക്ഷൻ ഇൻസെന്റീവ്, സമ്മർ ഇൻസെന്റീവ്, കെട്ടിട നിർമ്മാണ ഗ്രാന്റ് എന്നിവ മിൽമ ക്ഷീരകർഷകർക്ക് നൽകി വരുന്നു.

സെക്ഷൻ ഓഫീസർ.